HLM-0041

The Heavenly Light Ministry

ഇത്രത്തോളം ജയംതന്ന ദൈവത്തിനു സ്തോത്രം
ഇതുവരെ കരുതിയ രക്ഷകനു സ്തോത്രം (2)
ഇനിയും കൃപതോന്നി കരുതീടണേ
ഇനിയും നടത്തണേ തിരുഹിതംപോൽ (2)

1. നിന്നതല്ല നാം ദൈവം നമ്മെ നിർത്തിയതാം
നേടിയതല്ല ദൈവമെല്ലാം തന്നതല്ലേ
നടത്തിയ വിധങ്ങൾ ഓർത്തിടുമ്പോൾ
നന്ദിയോടെ നാഥനു സ്തുതിപാടിടാം

(ഇത്രത്തോളം..)

2. സാദ്ധ്യതകളോ അസ്തമിച്ചുപോയിടുമ്പോൾ
സോദരങ്ങളോ അകന്നങ്ങു മാറിടുമ്പോൾ
സ്നേഹത്താൽ വീണ്ടെടുക്കും യേശുനാഥൻ
സകലത്തിലും ജയം നല്കുമല്ലോ

(ഇത്രത്തോളം...)

3. ഉയർത്തില്ലെന്നു ശത്രുഗണം വാദിക്കുമ്പോൾ
തകർക്കുമെന്ന് ഭീതിയും മുഴക്കിടുമ്പോൾ
പ്രവർത്തിയിൽ വലിയവൻ യേശുനാഥൻ
കൃപനല്കും ജയഘോഷമുയർത്തിടുവാൻ

(ഇത്രത്തോളം...)